# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.338 | 23.1.2018 ൽ മറുപടിയ്ക്ക്

**<u>ഭിന്നശേഷിക്കാർക്ക് ചികിത്സക്കുള്ള ആനുകൂല്യം</u>**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.സി. ജോർജ് | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും ജില്ലാ താലൂക്ക് ആശുപത്രികളിലും വിവിധതരം ചികിത്സകൾക്ക് ഭിന്നശേഷിക്കാർക്ക് ആനുകൂല്യം ലഭിക്കുമോ; ഇതിന്റെ മാനദണ്ഡം വിശദമാക്കുമോ; | (എ) താലോലം പദ്ധതിയനുസരിച്ച് ഭിന്നശേഷിക്കാർക്ക് സൗജന്യമായി ചികിത്സ നൽകുന്നുണ്ട്. വിവിധ ഇൻഷ്വറൻസ് പദ്ധതികൾ അനുസരിച്ചുള്ള ചികിത്സാ സൗജന്യം നൽകുന്നുണ്ട്. ഒ.പി കളിൽ മുൻഗണന നൽകി വരുന്നു. എല്ലാ ആശുപത്രികളിലും പ്രത്യേക ക്യൂ, ഭിന്നശേഷി സൗഹൃദ റാമ്പുകൾ എന്നിവ ഏർപ്പെടുത്താൻ സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) പ്രസ്തുത വിഭാഗത്തിന് വികലാംഗ മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ആർക്കാണ് അപേക്ഷ നൽകേണ്ടതെന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള മാർഗത്തെ സംബന്ധിച്ചുമുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ഭിന്നശേഷിക്കാർക്ക് വികലാംഗ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, മെഡിക്കൽ ബോർഡുകൾ ഉള്ള താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അപേക്ഷ നൽകേണ്ടതാണ്. കൂടാതെ കേരള സാമൂഹ്യ സുരക്ഷാ മിഷൻ വഴി സംഘടിപ്പിക്കുന്ന വികേന്ദ്രീകൃത ഡിസെബിലിറ്റി സർട്ടിഫിക്കേഷൻ ക്യാമ്പുകൾ വഴിയും വികലാംഗ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ നൽകി വരുന്നു. ഇതിനായി അങ്കണവാടികളിൽ അപേക്ഷ നൽകാവുന്നതാണ്. അപേക്ഷയോടൊപ്പം സർട്ടിഫിക്കറ്റ് ലഭിക്കേണ്ട വ്യക്തികളുടെ ആധാർ കാർഡിന്റെ പകർപ്പ്, ഫോട്ടോ പതിച്ച മെഡിക്കൽ സർട്ടിഫിക്കറ്റ് ഫോറം ഉടമ വ്യക്തിപരമായ രേഖകളും ചികിത്സ രേഖകളും |

| | |
|---|---|
| | രേഖകളും ഹാജരാക്കേണ്ടതാണ്. തുടർന്ന് വൈകല്യത്തിന്റെ തോത് നിർണ്ണയിക്കുന്നതിനായി മെഡിക്കൽ ബോർഡ് മുൻപാകെ ഹാജരാകുന്നതിനായി അറിയിപ്പ് നൽകുകയും മെഡിക്കൽ ബോർഡ് അംഗപരിമിത നിർണയം നടത്തി സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. |
| (സി) ഇക്കാര്യത്തിൽ ജില്ലാ മെഡിക്കൽ ബോർഡുകളുടെ കർത്തവ്യം എന്തൊക്കെയാണ്; ഇതിനായി എല്ലാ മാസവും ജില്ലാ മെഡിക്കൽ ബോർഡ് കൂടാറുണ്ടോ എന്നറിയിക്കാമോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (സി) എല്ലാ മാസവും ജില്ലാ മെഡിക്കൽ ഓഫീസർ ചെയർമാനായ മെഡിക്കൽ ബോർഡ് ജില്ലാ മെഡിക്കൽ ഓഫീസിൽ കൂടാറുണ്ട്. ഇതിൽ അംഗങ്ങളായ മെഡിക്കൽ ഓഫീസർമാർ പരിശോധനയ്ക്കു ശേഷം സർട്ടിഫിക്കറ്റുകൾ നൽകുന്നു. പ്രസ്തുത സർട്ടിഫിക്കറ്റ് ചെയർമാൻ കൂടിയായ ജില്ലാ മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തുന്നു |
| (ഡി) എത്ര ശതമാനം അംഗവൈകല്യമുള്ളവർക്കാണ് വികലാംഗ ആനുകൂല്യം കിട്ടുന്നതെന്ന് വിശദമാക്കുമോ? | (ഡി) നാൽപ്പത് ശതമാനമോ അതിലധികമോ വൈകല്യമുള്ളവർക്കാണ് അംഗപരിമിതർക്കായുള്ള ആനുകൂല്യം ലഭ്യമാകുന്നത്. |

സെക്ഷൻ ഓഫീസർ